**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3625 11.12.2018-ലെ മറുപടിയ്ക്ക്**

**ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ ഗ്രേഡ്-I, ഗ്രേഡ് II തസ്തികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി.ആർ.സുനിൽ കുമാർ:** | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി** |
| (എ) ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ ഗ്രേഡ്-I, ഗ്രേഡ് II തസ്തികകളിൽ അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. കാലകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിലാണ് വി.ഇ.ഒ ഗ്രേഡ്-I, ഗ്രേഡ്-II അനുപാതം നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ വി.ഇ.ഒ ഗ്രേഡ്-I, ഗ്രേഡ്-II അനുപാതം 1:1 ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (ബി) കണ്ണൂർ ജില്ലയിൽ ഈ അനുപാതം നിലനിർത്താൻ സാധിക്കാത്തത് മൂലം വി.ഇ.ഒ ഗ്രേഡ് II തസ്തികയിൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) ഉണ്ട്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1:1 അനുപാതം പാലിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ആയത് തുടർ പ്രമോഷനുകളിലൂടെയും വിരമിക്കലുകളിലൂടെയും ഉണ്ടാകുന്ന ഒഴിവുകളിലൂടെ ക്രമീകരിക്കുന്നതാണ്. |
| (സി) വി.ഇ.ഒ ഗ്രേഡ്-I, ഗ്രേഡ് II തസ്തികകളുടെ അനുപാതം നിലനിർത്താൻ സാധിക്കാത്ത തരത്തിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | (സി) നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | വി.ഇ.ഒ ഗ്രേഡ് II തസ്തികയിൽ ഏതൊക്കെ തരത്തിലാണ് നിലവിൽ ഒഴിവുകൾ ഉണ്ടാകുന്നത്; | (ഡി) | വി.ഇ.ഒ ഗ്രേഡ്-I ലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോഴും വി.ഇ.ഒ ഗ്രേഡ്-II ജീവനക്കാർ വിരമിക്കുന്ന മുറയ്ക്കുമാണ് നിലവിൽ വി.ഇ.ഒ ഗ്രേഡ്-II തസ്തികയിൽ ഒഴിവുകളുണ്ടാകുന്നത്. |
| (ഇ) | ഇത്തരത്തിൽ 2019 ജൂൺ 30 വരെ കണ്ണൂർ ജില്ലയിൽ വി.ഇ.ഒ ഗ്രേഡ് II തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്? | (ഇ) | സംസ്ഥാനതലത്തിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ വി.ഇ.ഒ ഗ്രേഡ്-I ന് എക്സ്റ്റൻഷൻ ഓഫീസർമാരായി പ്രൊമോഷൻ നൽകുമ്പോൾ വി.ഇ.ഒ ഗ്രേഡ്-II ന് വി.ഇ.ഒ ഗ്രേഡ്-I ലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതുവഴിയാണ് പ്രധാനമായും വി.ഇ.ഒ ഗ്രേഡ്-II ൽ ഒഴിവുകളുണ്ടാകുന്നത്. ആയതിനാൽ കണ്ണൂർ ജില്ലയിൽ മാത്രം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് മുൻകൂട്ടി പറയുവാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ശ്രീ.ശ്യാമ.എസ്.ആർ-ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)129/18 നമ്പർ കേസിലെ 16/01/2018-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (ആർ.റ്റി)നം.687/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:14/03/2018

പരാമർശം : 1. ജി.ഒ (പി) നം.85/2011/ഫിൻ തീയതി 26/02/2011.
2. ശ്രീമതി.ശ്യാമ.എസ്.ആർ ഉം മറ്റുള്ളവരും ചേർന്ന് സമർപ്പിച്ച 14/12/2017 ലെ നിവേദനം.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇകെഎം) 129/18 നമ്പർ കേസിലെ 16/01/2018 ലെ അന്തിമ ഉത്തരവ്
4. ഗ്രാമവികസന കമ്മീഷണറുടെ 23/02/2018 ലെ 1680/എസ്റ്റാബി2/2018/സിആർഡി നമ്പർ നടപടിക്രമം.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ശ്രീമതി.ശ്യാമ.എസ്.ആർ-ഉം മറ്റുള്ളവരും ചേർന്ന് പരാമർശം (2) പ്രകാരം സർക്കാരിന് നിവേദനം സമർപ്പിക്കുകയും. അതോടൊപ്പം പ്രസ്തുത നിവേദനത്തിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ടിയാളുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഒ എ (ഇകെഎം) 129/18 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3)ലെ അന്തിമ ഉത്തരവിൽ, ഒന്നാം എതിർകക്ഷിയായ സർക്കാർ, ഉത്തരവ് ലഭിച്ച് രണ്ടു മാസത്തിനകം അപേക്ഷകരെ നേരിൽ കേട്ടശേഷം പരാമർശം (2)ലെ (അനുബന്ധം എ 5) നിവേദനത്തിൻമേൽ തീരുമാനമെടുക്കണമെന്ന് ബഹു. ട്രൈബ്യൂണൽ ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ 28/02/2018-ന് 11 മണിയ്ക്ക് അപേക്ഷകരെ സർക്കാർ നേരിൽ കേട്ടു. അപേക്ഷകർ നിവേദനത്തിലെ ആവശ്യം ആവർത്തിക്കുകയും അവ നടപ്പിലാക്കണമെന്ന് അപേക്ഷിക്കുകയുംചെയ്തു.

കൊല്ലം ജില്ലയിൽ ഉണ്ടായിരുന്ന 71 ഗ്രാമപഞ്ചായത്തുകളിൽ 157 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിളുകൾ ഉണ്ടായിരുന്നതിൽ കരുനാഗപ്പള്ളി, കൊട്ടാരക്കര, തൃക്കടവൂർ എന്നീ പഞ്ചായത്തുകൾ പുതുതായി രൂപീകൃതമായ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിൽ ലയിപ്പിച്ചതിനാൽ 68 പഞ്ചായത്തുകളിലായി 154 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ നിലവിലുണ്ടെന്നും ടി പഞ്ചായത്തുകളിൽ ജോലി ചെയ്തു വന്നിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഗ്രേഡ് പ്രൊമോഷൻ നൽകുമ്പോൾ പുനർ ക്രമീകരണം നടത്താതെ പദ്ധതി നിർവ്വഹണത്തിനും മറ്റുമായി

നിലവിൽ ടി ജില്ലകളിൽ തന്നെ ജോലി ചെയ്യുന്നതിന് തുടർ അനുമതി നൽകിയി ണെന്നും ആയതിനാലാണ് ഗ്രേഡ് I തസ്തികയിൽ കൂടുതൽ പേർ നിലനിൽക്കുന്നതെന്നും നിവേദനത്തിൽ ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ staff strength-ൽ പുനക്രമീകരണം നടത്തി കൂടുതൽ പേർക്ക് പി.എസ്.സി വഴി നിയമനം നൽകുന്നതിന് എതിർപ്പില്ലെന്നും ഗ്രാമ വികസന കമ്മീഷണറ്റിലെ ഉദ്യോഗസ്ഥർ നേരിൽ കേട്ട വേളയിൽ അറിയിച്ചു.

ഗ്രാമ വികസന വകുപ്പിൽ ആകെയുള്ള 2055 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ sanctioned strength-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്2, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്1 എന്നത് 1:1 എന്ന അനുപാത ക്രമത്തിലാണെന്നും വിവിധ ജില്ലകളിലെ ജനസംഖ്യ ഭൂവിസ്തൃതി, മുതലായ കാരണങ്ങളാൽ ഓരോ ജില്ലയിലെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണത്തിൽ വ്യത്യാസം ഉള്ളതിനാലും വിവിധ ജില്ലകളിൽ ഒരേ പി.എസ്.സി അഡ്വൈസ് തീയതിയിൽ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലുള്ള വ്യത്യാസത്തിലും സംസ്ഥാനാടിസ്ഥാനത്തിലാണ് സംയോജിത ലിസ്റ്റ് തയ്യാറാക്കി ഗ്രേഡ്1 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതെന്നും ചില ജില്ലകളിൽ അധികമായി ഗ്രേഡ്1 പ്രൊമോഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതിനാൽ ജില്ലാടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്1, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്2 എന്നിവയിൽ 1:1 എന്ന അനുപാതം പാലിക്കുവാൻ നിർവ്വാഹമില്ലെന്നും കൂടാതെ ഓരോ വർഷവും അതാത് ജില്ലകളിൽ നിലവിൽ വരുന്ന ഒഴിവുകളുടെ നിശ്ചിത ശതമാനം അന്തർ ജില്ലാ സ്ഥലംമാറ്റം/ആശ്രിതനിയമനം/മാതൃവകുപ്പിൽ പുനർ നിയമനം എന്നിവയ്ക്കായി മാറ്റി വയ്ക്കുന്നതിനാലുമാണ് ഗ്രേഡ്1, ഗ്രേഡ്2 തസ്തികകളിൽ ജില്ലാടിസ്ഥാനത്തിൽ അന്തരമുണ്ടാകുന്നതെന്നും ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

കൊല്ലം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്നപ്പോൾ ടി ജില്ലയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് തിരികെ മാതൃ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റുന്നതിന് സമ്മതമാണെന്നുള്ള വ്യവസ്ഥയിന്മേൽ മറ്റു ജില്ലകളിൽ നിന്നും നിയമനം നൽകിയ 11 ഗ്രേഡ് 1 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ പുതുതായി നിയമന ഉത്തരവ് നൽകുന്നതിന് തടസ്സമാകുമെന്നതിനാൽ മാതൃ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതായി പരാമർശം(4) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. കൊല്ലം ജില്ലയിൽ 64 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ടു ചെയ്തതായും ഗ്രേഡ് II ൽ 4 തസ്തികകൾ SC/ST നിയമനത്തിനായി നീക്കിവെച്ചതായും നിലവിൽ ഗ്രേഡ് I- തസ്തികയിൽ 88 പേർ ജോലി ചെയ്യുന്നതായും ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്1, ഗ്രേഡ്2 തസ്തികകളിൽ 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിർദ്ദിഷ്ട strength-ൽ കുറവുണ്ട്. പരാമർശം (1)ലെ ഉത്തരവ് പ്രകാരം ജില്ലകളിൽ വില്ലജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ലും II ലും സ്റ്റാഫ് സ്ട്രെങ്ത്തും അനുപാതവും നിശ്ചയിച്ചിട്ടുണ്ട്.ഗ്രേഡ്2-വിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത ശേഷം ടി ഒഴിവിലേയ്ക്ക് ഗ്രേഡ് 1 തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിലവിലുള്ളവരെ തുടരാൻ അനുവദിക്കുമ്പോൾ അത് പി.എസ്.സി-യിൽ നിന്നും അഡ്വൈസ് ചെയ്തവർക്ക് നിയമനം നൽകുന്നതിന് തടസ്സം സൃഷ്ടിക്കും.

മേൽ സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ഗ്രേഡ് II തസ്തികകൾ തമ്മിലുള്ള അനുപാതം ജില്ലാതലത്തിൽ പരമാവധി നിശ്ചയിച്ച പ്രകാരം നിലനിർത്തുന്നതിനും ഗ്രേഡ് I തസ്തികയിൽ സംസ്ഥാനതല സ്ഥലംമാറ്റം നൽകുമ്പോൾ അനുപാതം പാലിക്കുന്നതിനും കൂടാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ

, അടിയന്തിരമായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തിരനടപടി ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കണമെന്ന നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം. 129/18 ന്റെ 16/01/2018 തീയതിയിലെ അന്തിമവിധി ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖകത്ത് സഹിതം)
3) ശ്രീമതി.ശ്യാമ.എസ് .ആർ,പാലവിള വീട് ,ചാത്തിനാംകുളം ,ചന്ദനത്തോപ്പ് (പി.ഒ ),കൊല്ലം -691014
4) ശ്രീമതി.ദീപ.പി.എസ് ,കൃഷ്ണകൃപ ,ആനക്കോട്ടൂർ (പി ഒ ),ഇലഞ്ഞിക്കോട് ,എഴുകോൺ ,കൊല്ലം -691505
5) ശ്രീമതി.ഗീതു .എ ഷിബു ഭവൻ ,ജവഹർ ജംഗ് ഷൻ ,പട്ടത്താനം ഈസ്റ്റ് (പി ഒ ),കൊല്ലം -691021
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.